**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4743** **5.2.2014-ൽ മറുപടിക്ക്**

**'ജനറം' പ്രകാരം കേരളത്തിന് അനുവദിച്ച ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | ജവഹർലാൽ നെഹ്രു നഗരനവീകരണ പദ്ധതി (ജൻറം)പ്രകാരം കേരളത്തിന് എത്ര ബസ്സുകൾക്കായി എത്ര തുകയാണ് അനുവദിച്ചതെന്നു വ്യക്തമാക്കുമോ ; | എ) | ജവഹർലാൽ നെഹ്രു നഗരനവീകരണ പദ്ധതിയുടെ ട്രാൻസിഷൻ ഫെയ്സിൽ ഉൾപ്പെടുത്തി 400 ബസുകളാണ് അനുവദിച്ചിട്ടുള്ളത്. ഇതിനായി അംഗീകരിച്ചിട്ടുള്ള പദ്ധതി അടങ്കൽ 193 കോടി രൂപയാണ്. |
| ബി) | ഈ പദ്ധതിയിൽ കോഴിക്കോട് നഗരത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, വിശദാംശങ്ങൾ നൽകുമോ ; | ബി) | ഉണ്ട്. കോഴിക്കോട് നഗരം ഉൾപ്പെടുന്ന ക്ലസ്റ്ററിനായി 30 എണ്ണം 400 എം.എം. ഡീസൽ പ്രീമിയം എ.സി ബസുകളും, 70 എണ്ണം 900 എം.എം ഡീസൽ സ്റ്റാൻഡേർഡ് നോൺ എ.സി ബസുകളും ഉൾപ്പെടെ ആകെ 100 ബസുകൾ അനുവദിക്കാനാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. പ്രസ്തുത 100 ബസുകളുടെ മൊത്തം അടങ്കൽ തുക 55 കോടി രൂപയാണ്. |
| സി) | ബസ് നടത്തിപ്പിന് 'സ്പെഷ്യൽ വെഹിക്കിൾ പർപ്പസ് കമ്പനി' രൂപീകരിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ? | സി) | ഇല്ല. പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ